കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പേ റിവിഷൻ സെൽ-സി) വകുപ്പ്

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.481/2012/ധന. തിരുവനന്തപുരം,27th ആഗസ്റ്റ് 2012

പരാമർശം:- 1. സ.ഉ(പി)നം.85/2011/ധന തിയതി. 26.02.2011.
2. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 07.05.2011-ലെ 335/എ/11/സി.എൽ നമ്പർ കത്ത്.

ഉത്തരവ്

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്ക് അനുവദിക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ ശമ്പളവും അലവൻസുകളും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. നിലവിലുള്ളതും പുതുക്കിയതുമായ ശമ്പള സ്കെയിലുകൾ.

ക്രമ നം.	തസ്തിക	നിലവിലുള്ള ശമ്പള സ്കെയിൽ ₹	പുതുക്കിയ ശമ്പള സ്കെയിൽ ₹
1.	ഡയറക്ടർ	Consolidated pay	
2.	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	As in Parent Department	
3.	ഫിനാൻസ് ഓഫീസർ	As in Parent Department	
4.	അസിസ്റ്റന്റ് എഡിറ്റർ	12930-20250	22360-37940
5.	സബ് എഡിറ്റർ ഗ്രേഡ് I	12250-19800	21240-37040
6.	സബ് എഡിറ്റർ ഗ്രേഡ് II	11070-18450	19240-34500
7.	സെമിനാർ ഓർഗനൈസർ കം പബ്ലിക് റിലേഷൻസ് ഓഫീസർ	11910-19350	20740-36140
8.	കോപ്പിയിസ്റ്റ്	5250-8390	9190-15780

9.	ഓഫീസ് മാനേജർ	10790-18000	18740-33680
10.	കാഷ്യർ	10790-18000	18740-33680
11.	സീനിയർ ഗ്രേഡ് അസിസ്റ്റന്റ്	9190-15510	16180-29180
12.	അസിസ്റ്റന്റ് ഗ്രേഡ് I	7480-11910	13210-22360
13.	പ്യൂൺ	4510-6230	8500-13210
14.	സ്വീപ്പർ	4510-6230	8500-13210
15.	പാക്കർ കം പ്യൂൺ	4510-6230	8500-13210
16.	ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ	4750-7820	8960-14260
17.	ഡി.റ്റി.പി.ഓപ്പറേറ്റർ	6080-9830	10480-18300
18	സെയിൽസ് അസിസ്റ്റന്റ്	5250-8390	9190-15780
19.	ഡ്രൈവർ	5250-8390	9190-15780

2. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവ്വീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 26/2/2011-ലെ ജി.ഒ(പി)നം.85/2011/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയിറ്റേജിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ റഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ്.
3. വീട്ടുവാടക ബത്ത 26/2/2011-ലെ ജി.ഒ(പി)നം.85/2011/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 13-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.
4. സിറ്റി കോമ്പൻസേറ്ററി അലവൻസ് 26/2/2011-ലെ ജി.ഒ(പി)നം.85/2011/ധന-ന്റെ ഖണ്ഡിക 15-ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്.
5. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് ജി.ഒ.(പി)നം.85/2011/ധന തീയതി 26.2.2011-ന്റെ ഖണ്ഡിക 6-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 01.2.2011 ആണ്.
6. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, അപ്ഗ്രഡേഷൻ, തസ്തികകളുടെ പുനർനാമകരണം എന്നിവ നടപ്പിലാക്കാൻ പാടില്ല.
7. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.
8. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പാക്കുന്നതിനു മുൻപ് നിർത്തലാക്കേണ്ടതാണ്.
9. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

10. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതാലയവ) നിയമനം നടത്തുവാൻ പാടുള്ളതല്ല.
11. ശമ്പള സ്കെയിലിന്റേയും അലവൻസുകളുടേയും പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് 26/2/2011-ലെ ജി.ഒ(പി)നം.85/2011/ധന-ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
12. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.
13. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.
14. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് കുമാർ സിൻഹ

സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പൊതു ഭരണ (എസ്.സി) വകുപ്പ് (22.08.2012-ലെ ഇനം നം.....പ്രകാരം)
സാംസ്കാരിക കാര്യ (സി) വകുപ്പ്
ധനകാര്യ (എഡ്യൂ.സി) വകുപ്പ്
നോഡൽ ഓഫീസർ (www.finance.keralagov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ